**Office of the Principal Agricultural Officer, Ernakulam**
**Address: 4th Floor, Civil Station, Kakkanad, Ernakulam.**

## ദർഘാസ് നോട്ടീസ്

**സംസ്ഥാന കർഷക ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണവും ലഘുഭക്ഷണവും വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് നോട്ടീസ്**

2026 വർഷം ആഗസ്റ്റ് പതിനേഴാം തീയതി (ചിങ്ങം ഒന്ന് ) എറണാകുളം ആഷിസ് കൺവെൻഷൻ സെൻററിൽ വച്ച് നടത്തുന്ന സംസ്ഥാനതല കർഷക ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്ന കർഷകർക്കും, അവാർഡ് ജേതാക്കൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥന്മാർക്കും ലഘുഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നതിന് ദർഘാസ് ക്ഷണിക്കുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും 1500 ഓളം പേർ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ച സംസ്ഥാന /കേന്ദ്ര സർക്കാർ ലൈസൻസുകൾ ഉള്ളതും പ്രവർത്തന മികവ് ഉള്ളതുമായ കാറ്ററിംഗ് സർവീസുകാരിൽ നിന്നും ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നതിനും വിളമ്പുന്നതിനും ദർഘാസുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചുകൊള്ളുന്നു.

നിരതദ്രവ്യം തുക :₹25000/- രൂപ ഡിമാൻഡ് ഡ്രാഫ്റ്റായി പ്രത്യേകം സമർപ്പിക്കേണ്ടതാണ്

ദർഘാസ് ഫോറത്തിന് വില : ₹1000രൂപ ( + 18 % GST ) = ₹1180/-

ദർഘാസ് ഫോറം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും നേരിട്ട് പണമടച്ച് വാങ്ങുകയോ തപാലിൽ ആവശ്യമുള്ളവർ ഫോറത്തിന്റെ വില ഡിമാൻഡ് ഡ്രാഫ്റ്റ് വഴി (100 രൂപ തപാൽ ചാർജ് സഹിതം) സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും പ്രവർത്തന സമയങ്ങളിൽ 29/7/2026 തീയതി മുതൽ 4/8/2026 തീയതി 5.00 മണി വരെ ലഭിക്കുന്നതാണ് . ദർഘാസ് ഫോറം കൃഷി ഡയറക്ടറുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവർ ഫോറത്തിന്റെ വില ഡിമാൻഡ് ഡ്രാഫ്റ്റ് പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

ഡിമാൻഡ് ഡ്രാഫ്റ്റ്കൾ എടുക്കേണ്ട മേൽവിലാസം: പ്രിൻസിപ്പൽ കൃഷി ഓഫീസർ എറണാകുളം.

**ദർഘാസ് നോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**

ഫോറത്തിന്റെ വിലയുടെ രശീതി .

നിരതദ്രവ്യം: ₹25000/-രൂപ .

പാൻ കാർഡിന്റെ കോപ്പി.

FSSAI ലൈസൻസിന്റെയും സ്ഥാപനത്തിൻറെ ലൈസൻസിന്റെയും പകർപ്പ്

ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ്

മുൻപരിചയം തെളിയിക്കുന്ന രേഖകൾ 1500 ൽ കൂടുതൽ പേർ പങ്കെടുത്ത പരിപാടിയിൽ ഭക്ഷണം വിതരണം ചെയ്തതിന് വിതരണ ഓർഡർ, തുക അനുവദിച്ചതിന്റെയും രേഖകൾ.

അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ

അഗ്രിമെൻറ് 200 രൂപ മുദ്രപത്രത്തിൽ

ഡിക്ലറേഷൻ ( ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ)

എക്സിക്യൂഷൻ ഓഫ് സപ്ലൈ ( ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ)

മുദ്ര ചെയ്ത ദർഘാസുകൾ 5/8/2026 തീയതി ഉച്ചയ്ക്ക് 2.30 ന് മുൻപായി കൺവീനർ ഫുഡ് ആൻഡ് റിഫ്രഷ്മെന്റ് കമ്മിറ്റി, പ്രിൻസിപ്പൽ കൃഷി ഓഫീസ് എറണാകുളം എന്ന മേൽവിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ കൊറിയർ മുഖേനയോ എത്തിക്കേണ്ടതാണ്. നിർദിഷ്ട സമയത്തിനുശേഷം വരുന്ന ദർഘാസുകൾ/അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കവറിനു മുകളിൽ ആയി **Tender for Supply of Food and refreshment to participants of State Level Karshadhinam** എന്ന് വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. അന്നേദിവസം മൂന്നു മണിക്ക് ദർഘാസുകൾ തുറക്കുന്നത് ആയിരിക്കും. മേൽപ്പറഞ്ഞ എല്ലാ രേഖകളും ഇല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കപ്പെടുന്നതായിരിക്കും. ദർഘാസ് സംബന്ധിച്ച് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ബിഡ്ഡർ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതും, കരാറിൽ നിന്നും മാറുകയോ ഭക്ഷണ വിതരണത്തിലോ ഗുണമേന്മയിലോ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യം കണ്ടു കെട്ടുന്നതും സർക്കാരിന് വരുന്ന നഷ്ടം ഈടാക്കുന്നതിന് ഉള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനു ശേഷം ബില്ല് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും അത് തൃപ്തികരമെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയും നിരതദ്രവ്യവും തിരികെ നൽകുന്നതും ആയിരിക്കും.

ടെൻഡർ സംബന്ധമായ എല്ലാ സംശയങ്ങൾക്കും താഴെക്കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്

Principal Agricultural Officer, Ernakulam . ഫോൺ: 0484-422224

## സംസ്ഥാന കർഷക ദിനാഘോഷം ഭക്ഷണത്തിനുള്ള ടെൻഡർ

### നിബന്ധനകൾ

1. ടെൻഡർ നിരക്കുകളും നിബന്ധനകളും 2026 ആഗസ്റ്റ് ഒന്നുമുതൽ മൂന്നുമാസത്തേക്ക് ബാധകമായിരിക്കും. ഈ കാലയളവിൽ നിരക്കിൽ യാതൊരുവിധ മാറ്റങ്ങളും പരിഗണിക്കുന്നതല്ല.
2. ഭക്ഷണം നിശ്ചിത ദിവസം കർഷക ദിനാഘോഷത്തിൽ പങ്കെടുക്കുന്നവർക്ക് രാവിലെ 10.30മണിക്ക് ലഘുഭക്ഷണവും ചായയും ഉച്ചയ്ക്ക് 12 മണിക്ക് സദ്യയും (1000 പേർക്ക്) , വെജിറ്റബിൾ ബിരിയാണി പാക്കറ്റ് (500 പേർക്ക്) കൃത്യമായി ലഭ്യമാക്കണം .
3. ലഘു ഭക്ഷണത്തിന് ചായ , സ്റ്റീൽ ഗ്ലാസ്, പരിപ്പ് വട, ഉഴുന്നുവട, ഇലയട.
4. സദ്യയുടെ വിഭവങ്ങൾ ഇപ്രകാരം ആയിരിക്കണം
5. ചോറ് ചമ്പാവ് / പൊന്നി/കുറുവ, തോരൻ, കൂട്ടുകറി, അവിയൽ, പുളിശ്ശേരി , സാമ്പാർ, അച്ചാർ , പപ്പടം, പായസം (2 തരം), മോര്, രസം, ഉപ്പേരി.
6. കുടിക്കുന്നതിന് തിളപ്പിച്ചാറിയ കുടിവെള്ളം സ്റ്റീൽ ഗ്ലാസിൽ നൽകേണ്ടതാണ്
7. എല്ലാ ഇനങ്ങളുടെയും ജിഎസ്ടി സഹിതമുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്
8. ചായ തയ്യാറാക്കുന്നത് 40 : 60 പാൽ വെള്ളം അനുപാതത്തിലും മേൽ തരം ബ്രാൻഡ് തേയില ഉപയോഗിച്ചിരിക്കുകയും വേണം. മധുരമില്ലാത്ത ചായ പ്രത്യേകം നൽകാൻ സംവിധാനം ഏർപ്പെടുത്തണം.
9. ഭക്ഷണം വിതരണം ചെയ്യേണ്ട സമയത്ത് തന്നെ കൺവെൻഷൻ സെൻററിൽ എത്തിക്കേണ്ടതും, ലഘുഭക്ഷണവും/ പാക്കറ്റ് ഭക്ഷണവും വിതരണത്തിനായി തിരക്ക് അനുഭവപ്പെടാത്ത രീതിയിൽ കൗണ്ടറുകൾ സജ്ജീകരിക്കേണ്ടതാണ് . കൗണ്ടറുകൾ വൃത്തിയായും, മഴയും വെയിലും ഏൽക്കാത്ത രീതിയിൽ സജ്ജീകരിക്കണം .
10. സദ്യ കൺവെൻഷൻ സെൻറർ ഡൈനിങ് ഹാളിൽ കർഷക ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ആവശ്യാനുസരണം വാഴ ഇലയിൽ വിളമ്പി നൽകേണ്ടതാണ്.
11. പ്ലാസ്റ്റിക് പേപ്പർ പ്ലേറ്റുകൾ കപ്പുകൾ എന്നിവ പൂർണ്ണമായും നിരോധിച്ചിരിക്കുന്നതിനാൽ ഭക്ഷണം വിതരണം ചെയ്യുന്നതിന് ആവശ്യമായ സെറാമിക് മെലാമൈൻ പാത്രങ്ങൾ , സ്റ്റീൽ ഗ്ലാസുകൾ എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
12. തിരക്ക് കൂടാതെ ലഘുഭക്ഷണം വിതരണം ചെയ്യുന്നതിന് ആവശ്യമായ കൗണ്ടറുകൾ ഹാളിനോടനുബന്ധിച്ച് തയ്യാറാക്കേണ്ടതാണ്. ഓരോ കൗണ്ടറിലും മൂന്നു പേരെയെങ്കിലും ഭക്ഷണ വിതരണത്തിന് നിയമിക്കേണ്ടതാണ്.
13. പാചകത്തിന് ഉപയോഗിക്കുന്ന ഭക്ഷണസാധനങ്ങൾ ഉന്നത ഗുണനിലവാരത്തിൽ ഉള്ളതായിരിക്കണം. പാചക സ്ഥലത്തും വിതരണ സ്ഥലത്തും സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കേണ്ടതാണ്. ടിഷ്യൂപേപ്പർ സ്റ്റീൽ സ്പൂൺ എന്നിവ കൗണ്ടറിൽ ലഭ്യമാക്കേണ്ടതാണ്.
14. ദർഘാസ് നോട്ടീസിൽ കഴിക്കുന്നവരുടെ എണ്ണം നൽകിയിരിക്കുന്നത് പ്രാഥമിക കണക്കുകൾ പ്രകാരമാണ്. ഇതിൽനിന്നും ചെറിയ മാറ്റങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അധിക ആവശ്യകത ഉടലെടുക്കുന്ന സാഹചര്യത്തിൽ ആവശ്യമായ അധിക ഭക്ഷണം ലഭ്യമാക്കാൻ സംവിധാനം ഒരുക്കേണ്ടതാണ്.
15. കരാറുകാരനും വിതരണ ജോലിക്കാരും ആദിത്യ മര്യാദ പൂർണമായും പാലിക്കേണ്ടതാണ്. എല്ലാ ഭക്ഷണ വിതരണം ജോലിക്കാരും വൃത്തിയായി യൂണിഫോം ധരിക്കേണ്ടതാണ്.
16. ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം കണക്കാക്കുന്നത് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകുന്ന കൂപ്പൺ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

17. ഭക്ഷണ സംബന്ധമായ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എല്ലാ നിയമങ്ങളും നികുതികളും വിതരണത്തിനും ബാധകമായിരിക്കും. ഭക്ഷ്യസുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്തങ്ങളും ഭക്ഷണ വിതരണ ടെൻഡർ കരാറുകാരനു ആയിരിക്കും. സംസ്ഥാന കേന്ദ്ര സർക്കാരുകൾ/ കൃഷി വകുപ്പ് നേരത്തെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുകയോ ചെയ്തിട്ടുള്ള കരാറുകാരുടെ ടെൻഡറുകൾ നിരസിക്കപ്പെടും.
18. ഈ ടെൻഡർ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ചും നഷ്ടപരിഹാരം നൽകാതെയും മുന്നറിയിപ്പ് കൂടാതെ നിബന്ധനകൾ മാറ്റുന്നതിനും ടെൻഡർ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ഓർഗനൈസിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
19. ഭക്ഷണ വിതരണ സ്ഥലം: ആശിഷ് കൺവെൻഷൻ സെൻറർ

    സമയം: 10.30മണി, ഉച്ചയ്ക്ക് 12മണി
20. മാലിന്യനിർമ്മാർജ്ജനം: ഭക്ഷണ/ കുടിവെള്ള വിതരണം സ്ഥലം പൂർണ്ണമായി മാലിന്യ വിമുക്തമായി ഇരിക്കണം. മാലിന്യനിർമ്മാർജ്ജനം പൂർണ്ണമായും കരാറുകാരൻറെ ഉത്തരവാദിത്വമാണ്. ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബാസ്കറ്റ്കൾ ഭക്ഷണ വിതരണത്തിന് മുൻപായി ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. ഭക്ഷണസമയം കഴിഞ്ഞാൽ മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. തിരക്കില്ലാതെ കൈ കഴുകുന്നതിന് ആവശ്യമായ വാഷ്ബേസിന്കൾ ടാപ്പ് ഹാൻഡ് വാഷ് എന്നിവ കരാറുകാരൻ സജ്ജീകരിക്കേണ്ടതാണ്.
21. തൃപ്തികരമായ വിതരണത്തിനു ശേഷം നിബന്ധനകൾക്ക് അനുസൃതമായി ബില്ലുകൾ നൽകി പരിശോധനകൾക്ക് ശേഷം തുക കൈപ്പറ്റാവുന്നതാണ്

28/07/2026

CO- കൺവീനർ ഫുഡ് ആൻഡ് റിഫ്രഷ്മെന്റ് കമ്മിറ്റി

Deputy Director of Agriculture (YP)
Principal Agricultural Office
Ernakulam, Pin-682 030

സംസ്ഥാന കർഷക ദിനാഘോഷ പരിപാടി സത്യപ്രസ്താവന മേൽപ്പറഞ്ഞ നിബന്ധനകൾ എല്ലാം തന്നെ ഞാൻ ഞങ്ങൾ വായിച്ചു ബോധ്യപ്പെട്ടു , കരാറിലെ മുഴുവൻ വ്യവസ്ഥകളും അംഗീകരിക്കുന്നു

ഒപ്പ്

പേര്

വിലാസം ഫോൺ നമ്പർ

## EXECUTION OF SUPPLY

1. The Contractor shall prepare and supply all Items in the most substantial and good manner and the items supplied shall be of the best quality.

2. No supply will be paid for , unless it is fully in accordance with the specifications.

## ASSIGNMENTS

The Contractor shall not assign the supply or sublet it as a whole or in part without the written consent of the Principal Agriculture Office nor shall the supplier assign any money due to him here under, without the prėvious consent of the Principal Agriculture Office. If the supplier contravenes this condition, he shall be considered to have thereby committed breach of contract.

Place:

Date:

Name and signature of Tenderer.

## Agreement accompanying tender

"Articles of Agreement executed on this the ...............................................Day of ..........................................and......................................................BETWEEN **the Principal Agriculture Office , Ernakulam acting through the Convenor, Food and Refreshment Committee, STATE KARSHAKADINAM 2026 (herein-after referred to as the Centre) of the one part and**

Sri.................................................................................................

(Name and address of the Tenderer) (herein-after referred to as"the bounden"of the other part).

WHEREAS in response to the invitation for tenders, contained in Notification

No..................................dated.....................inviting tenders, the bounden has submitted to the

Centre, a tender for the ......................................................................................

Specified there in subject to the terms and conditions contained in the said tender.

NOW THESE PRESENTS WITNESS and it is here by mutually agreed as follows:

In case the tender submitted by the bounden is accepted by the Centre and the Contract for the preparation and supply of food items for **STATE LEVEL KARSHAKADINAM 2026** is awarded to the bounden, the bounden shall within five days of acceptance of his tender execute an agreement & bank guarantee with this Centre incorporating all the terms and conditions under which the Centre accepts his Tender.

1. In case the bounden fails to execute the agreement as aforesaid incorporating the terms and conditions governing the contract, the Centre shall have power and authority to recover from the bounden any loss or damages caused to the Centre by such breach as may be determined by the Centre, the full amount may be recovered from the bounden and his property moveable and immovable and also in the manner hereinafter contained

2. All sums found due to the Centre under or by virtue of this agreement shall be recoverable from the bounden and his properties, movable and immovable, under the provisions of the Revenue Recovery Act for the time being in force as though such sums are arrears of land revenue and also in such other manner as the Centre may deem fit.

In witnesses where of the Convenor,Food & Refreshment Committee Behalf of the Centre and

.........................................................................................................:....the Contractor( bounden) have hereunto set their hands the day, month and year shown against the respective signatures.

Signedby.......................................................................................... (date)

Inthe presenceof witnesses:

1. ..................................................

2. ..................................................

Signedby.......................................................................................... (date)

Inthe presenceof witnesses:

1. ..................................................
2. ..................................................

Name, Address,
Signatureofthe

Tenderer with date & seal

## Declaration by Tenderer

I……………………………………………………………………………..hereby declare that I am not in any way related to any of the Centre's employees who is in charge of or having control of this tender. I agree that if, at any stage it is found that this declaration is untrue, the contract entered will stand cancelled. It is understood that the relationship with the Centre's employees referred to herein will be restricted to my Father, Mother, Son, Daughter, Brother, Sister, Direct Uncle, Nephew, Father-in-law, Sister-in-Law and first Cousins of the officer concerned.

I/We are assessed to Income Tax and my/our Pan No. is……………………….

Place:

Date:

Signature of Tenderer.

with date & seal